പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5897** **08. 07. 2013**- ലെ മറുപടി

<u>പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) മടങ്ങി വരുന്ന പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു ... പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി 2012 –13 ൽ 1 കോടി രൂപ നൽകുകയും 2013–14 ൽ 2 കോടി 97 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാസികൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിന് 2013 ജൂലൈ 15 വരെ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് 10% മൂലധന സബ്സിഡിയാണ് ഈ പദ്ധതിയിലൂടെ നൽകാൻ തീരുമാനമായിട്ടുള്ളത് (പരമാവധി സബ്സിഡി 2 ലക്ഷം രൂപ മാത്രം) വായ്പ നൽകുന്ന ധനകാര്യ സ്ഥാപനം മുഖേന 'ബാക്ക് എൻഡ്' സബ്സിഡിയായിട്ടാണ് ആനുകൂല്യം സംരംഭകന് വിതരണം ചെയ്യുന്നത്. കൂടാതെ ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവത്കരണം കർശനമാക്കിയ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സമഗ്ര പദ്ധതികൾ രൂപീകരിയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ നോർക്ക വകുപ്പുമന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ കേരളാ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ചെയർമാനായി ഈ കമ്മിറ്റി നിയോഗിച്ച ഉപസമിതി കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് ക്യാബിനറ്റ് സബ്കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| (ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെ പ്രത്യേക പ്രവാസി വ്യവസായ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ